**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2275** **09.03.2018-ൽ മറുപടിയ്ക്ക്**

# പട്ടികവർഗ്ഗക്കാർക്കായി ആശ്വാസ പദ്ധതികൾ

**ചോദ്യം**
**ശ്രീ.സി.കെ. ഹരീന്ദ്രൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് ജപ്തി ഭീഷണി നേരിടുന്ന പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കി വരുന്ന ആശ്വാസ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | എ) | സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും, പലിശയും, പിഴപലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ ഇരട്ടിയെത്തുന്നതു വരെയുള്ള കടിശ്ശിക തുക പലിശയും, പിഴ പലിശയും ഒഴിവാക്കി 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടക്കുന്നതിന് ബഹു.മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി നിലവിലുണ്ട്.<br><br>കൂടാതെ പട്ടികവർഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 01-04-2006 നും 31-03-2014 നുമിടയിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതി തള്ളുന്ന പദ്ധതിയും നിലവിലുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതിക്കായി അപേക്ഷ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും കുടിശ്ശികയായതുമായ 1,00,000/- രൂപ വരെ വായ്പകൾ എഴുതിതള്ളുന്നതിന് സ.ഉ(അ) നം. 71/2015/പജപവവിവ പ്രകാരം മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി പ്രകാരം കടം എഴുതി തള്ളുന്നതിന് സ.ഉ (പി)നമ്പർ.118/2016/ധന തീയതി. 20-08-2016 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | ഈ പദ്ധതി പ്രകാരം ഒരാൾക്ക് എത്രതവണ ആനുകൂല്യം ലഭ്യമാക്കാനാകും എന്ന കാര്യം വ്യക്തമാക്കാമോ? | സി) | ഒരു കുടുംബത്തിൽ ഒരു അപേക്ഷകന്റെ ഒരു വായ്പ മാത്രമേ ഒരു സാമ്പത്തിക വർഷത്തിൽ പരിഗണിക്കുകയുള്ളൂ. |

Hariprriya

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

സർക്കാരിന്റെ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളിലെ കുടിശ്ശികയിൻമേൽ കടാശ്വാസം – വായ്പാ പലിശ/പിഴപ്പലിശ എഴുതിത്തള്ളൽ – ഉത്തരവാകുന്നു.

**ധനകാര്യ (രഹസ്യ വിഭാഗം) വകുപ്പ്**

സ.ഉ.(പി) നം.118/2016/ധന — തിരുവനന്തപുരം, തീയതി: 20/08/2016

## ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത അഞ്ചുലക്ഷം രൂപവരെയുള്ള വായ്പകളിൽ, മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടും സാമ്പത്തിക പ്രയാസത്താൽ ബാക്കി തിരിച്ചടയ്ക്കാൻ കഴിയാതെ ജപ്തിഭീഷണി നേരിടുന്ന താഴ്ന്ന വരുമാനക്കാരായ നിരവധിപേരുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസനകോർപ്പറേഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, റവന്യു വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് അഞ്ച് ലക്ഷം രൂപ വരെ വായ്പയെടുത്തിട്ടുള്ളതും മുതലും പലിശയും പിഴപ്പലിശയുമുൾപ്പെടെ മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ച് കഴിഞ്ഞിട്ടുള്ളവർക്കുമായി കടാശ്വാസം അനുവദിച്ചുകൊണ്ടും, മുതലും പലിശയും പിഴപ്പലിശയുമുൾപ്പെടെ മുതലിന്റെ ഒന്നരയിരട്ടിയെങ്കിലും തിരിച്ചടച്ചിട്ടുള്ളവർക്ക് മുതലിന്റെ രണ്ടിരട്ടിയെത്തുന്നതുവരെയുള്ള കുടിശ്ശിക തുക പലിശയും പിഴപ്പലിശയും ഒഴിവാക്കി ഇരുപത്തിനാല് പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കാവുന്ന വിധത്തിൽ വായ്പ പുനഃക്രമീകരിച്ചുകൊണ്ടും അനുബന്ധമായി ചേർത്തിരിക്കുന്ന മാർഗ്ഗരേഖയ്ക്ക് വിധേയമായി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഡോ. കെ.എം. എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.
പ്രതിപക്ഷ നേതിവിന്റെ പ്രൈവറ്റ് സെക്രട്ടറി.
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
പൊതുഭരണ (എസ്.സി) വകുപ്പ് (19.08.2016ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നമ്പർ 210 പ്രകാരം).
ഹൗസിംഗ് കമ്മീഷണർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്. (ഉപരി പത്രം സഹിതം).
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (ഉ.പ.സ).
ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ് (ഉ.പ.സ).
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ ക്ഷേമകോർപ്പറേഷൻ (ഉ.പ.സ).
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഉ.പ.സ).
കമ്മീഷണർ, ലാന്റ് റവന്യൂ (ഉ.പ.സ).
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

# മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി-2016

**1. ആമുഖം**

1.1. സർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ ജപ്തിഭീഷണി നേരിടുന്നവർക്ക് വായ്പാ പലിശ/പിഴപ്പലിശയിളവും കടാശ്വാസവും അനുവദിക്കുന്നതിന് നടപ്പാക്കുന്ന ഒറ്റത്തവണ കടാശ്വാസ പദ്ധതി.

1.2. കടാശ്വാസ പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗ്ഗ രേഖ ചുവടെ ചേർക്കുന്നു

**2. വ്യാപ്തി**

2.1 ഈ മാർഗ്ഗ രേഖയിൽ സൂചിപ്പിച്ചിട്ടുള്ള കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന പട്ടിക-ജാതി/പട്ടിക-വർഗ്ഗ/പിന്നോക്കവിഭാഗ വികസന കോർപ്പറേഷനുകൾ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, റവന്യൂ വകുപ്പ് (ആയവ "വായ്പാ സ്ഥാപനങ്ങൾ" എന്ന് ഈ മാർഗ്ഗ രേഖയിൽ പരാമർശിക്കുന്നതായിരിക്കും) എന്നിവയിൽ നിന്ന് പരമാവധി അഞ്ച് ലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കിയതും പലിശ ഉൾപ്പെടെ മുതലിന്റെ ഒന്നര ഇരട്ടിയെങ്കിലും തിരിച്ചടവ് നടത്തിയിട്ടുള്ളതും സാമ്പത്തിക പ്രയാസം മൂലം യഥാസമയം വായ്പാതിരിച്ചടവ് നടത്താത്തതിനാൽ ജപ്തിഭീഷണി നേരിടുന്നതുമായ സാമ്പത്തികമായി പിന്നാക്കവസ്ഥയിലുള്ളവർ ഈ പദ്ധതിയിൽ ഉൾപ്പെടുന്നതായിരിക്കും.

2.2 ഉത്തരവിന്റെ തീയതി വരെയുള്ള "അർഹതാതുക"കളിന്മേൽ പദ്ധതിയുടെ ഗുണഫലം ലഭിക്കുംവിധം പദ്ധതിക്ക് പ്രാബല്യമുണ്ടായിരിക്കും.

**3. നിർവചനങ്ങൾ**

**3.1. വായ്പാ സ്ഥാപനങ്ങൾ**

കേരള സർക്കാരിനു കീഴിലുള്ള ചുവടെ ചേർക്കുന്ന സ്ഥാപങ്ങളിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള വായ്പകളെയാണ് വായ്പാ പലിശഇളവ്/കടാശ്വാസ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. (പ്രസ്തുത സ്ഥാപനങ്ങളെ മേലിൽ "വായ്പാസ്ഥാപനങ്ങൾ" എന്ന് ഈ മാർഗ്ഗരേഖയിൽ പരാമർശിക്കുന്നതായിരിക്കും)

- കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്
- പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്കവിഭാഗ വികസനകോർപ്പറേഷനുകൾ
- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ
- കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ
- റവന്യൂവകുപ്പ്

**3.2. അർഹതാ തുക**

അഞ്ചുലക്ഷം രൂപ വരെയുള്ള വായ്പകളിൽ കടാശ്വാസത്തിന് അല്ലെങ്കിൽ വായ്പാ പലിശ ഇളവിന് അർഹതയുള്ള തുക (ആയത് "അർഹതാതുക" എന്ന് ഈ മാർഗ്ഗരേഖയിൽ പരാമർശിക്കുന്നതായിരിക്കും) ചുവടെ സൂചിപ്പിക്കുന്നവയാണ്.

(a) കടാശ്വാസം (പൂർണമായും എഴുതിത്തള്ളുന്നത്)

(i) റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള Low Income Group Housing (LIGH), Middle Income Group Housing (MIGH) വായ്പകളിലെ കടിശ്ശിക തുക

(ii) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.) അനുവദിച്ചതും, മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയിട്ടുള്ളതുമായ വായ്പകൾ

(iii) വായ്പാ സ്ഥാപനങ്ങളിൽ നിന്ന് അനുവദിക്കപ്പെട്ട പരമാവധി അഞ്ചുലക്ഷം രൂപവരെയുള്ള വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 200% എങ്കിലും തിരിച്ചടവ് നടത്തിയതിൽ ബാക്കി നിൽക്കുന്ന തുക

(b) പലിശ/പിഴപ്പലിശയെഴുതിത്തള്ളുന്നത്

(i) കേരള സംസ്ഥാന ഭവന നിർമ്മാന ബോർഡിൽ നിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് (എൽ.ഐ.ജി.) അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ചു തീർത്തതുമായ വായ്പയിൽ ബാക്കി നിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ളതുമായ തുക. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും

പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്.

(ii) റവന്യൂ വകുപ്പ് ഒഴികെയുള്ള വായ്പാസ്ഥാപനത്തിൽ നിന്ന് താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചതും മുതലും പലിശയും പിഴപ്പലിശയും ഉൾപ്പെടെ മുതലിന്റെ 150% എങ്കിലും നാളിതുവരെ അടച്ചു തീർത്തതുമായ വായ്പയിൽ ബാക്കി നിൽക്കുന്നതും മുതലിന്റെ 200% എത്തുന്നതുവരെയുള്ളതുമായ തുക. 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കണമെന്ന നിബന്ധനയിൽ പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുന്നതാണ്.

3.3. പദ്ധതി ഗുണഭോക്താവ്

(a) മേൽ പ്രകാരം അർഹതാതുക കടാശ്വാസമായോ പലിശ/ പിഴപ്പലിശയിളവായോ ആനുകൂല്യം ലഭിക്കാനിടയുള്ളതും 'വായ്പാ സ്ഥാപനത്തിൽ' നിന്ന് വായ്പയെടുത്ത (അർഹതാപട്ടികയിൽ ഇടം നേടിയ) വ്യക്തി/നിയമാനുസൃത അനന്തരാവകാശി.

3.4. വായ്പാ തരം

(a) ചുവടെ ചേർത്തിരിക്കുന്ന വായ്പകൾ ഒഴികെയുള്ളവ കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

- സ്വർണ ഈടിന്മേലുള്ള വായ്പ
- സർക്കാർ ജീവനക്കാർ എടുത്തിട്ടുള്ള വായ്പകൾ
- വ്യക്തികൾക്കല്ലാതെ നൽകിയിട്ടുള്ള വായ്പകൾ
- അഞ്ച് ലക്ഷം രൂപയിൽ കൂടുതലായെടുത്ത വായ്പകൾ
- ഉത്തരവ് തീയതിയിൽ കട ബാധ്യത നിലവിലില്ലാത്ത വായ്പകൾ

4. <u>പദ്ധതി നടത്തിപ്പ് /</u> വായ്പാ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തങ്ങൾ

(a) ഈ പദ്ധതിയിന്മേൽ പലിശ/പിഴപ്പലിശഎഴുതിത്തള്ളലിന് അർഹതയുള്ളവരുടെ ഒരു പട്ടികയും കടാശ്വാസം അനുവദിക്കുന്നതിന് അർഹതയുള്ളവരുടെ ഒരു പട്ടികയും ഓരോ വായ്പാസ്ഥാപനങ്ങളും പ്രത്യേകമായി എക്സൽ ഷീറ്റിൽ ധനകാര്യ (രഹസ്യ വിഭാഗം) വകുപ്പ് നിഷ്കർഷിക്കുന്ന നിശ്ചിത മാതൃകയിൽ (അനുബന്ധം-1 കാണുക) തയ്യാറാക്കേണ്ടതാണ്.

(b) കടാശ്വാസത്തിന്റെയും വായ്പ എഴുതിത്തള്ളലിന്റെയും വിശദാംശങ്ങൾ സഹിതം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കുന്ന അർഹതാപട്ടികകൾ കൃത്യവും സത്യസന്ധവും സമഗ്രവുമാക്കാൻ വായ്പാ സ്ഥാപനങ്ങൾ ഉത്തരവാദികളായിരിക്കും. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി തയ്യാറാക്കി സൂക്ഷിക്കുന്ന ഏതൊരു രേഖകളിലും പട്ടികകളിലും പുറപ്പെടുവിക്കുന്ന സർട്ടിഫിക്കറ്റുകളിലും വായ്പാസ്ഥാപനത്തിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പും ഉദ്യോഗപ്പേരും ഉണ്ടായിരിക്കണം.

(c) പദ്ധതി ഗുണഭോക്താവ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതാണെന്നും ആയതിനാൽ തിരിച്ചടയ്ക്കാൻ കഴിവില്ലെന്നും നിശ്ചിത മാതൃകയിൽ സത്യപ്രസ്താവന വായ്പാസ്ഥാപനത്തിന് നൽകേണ്ടതാണ്. (അനുബന്ധം-2 കാണുക). അപേക്ഷ ലഭ്യമാക്കിയില്ലെന്ന കാരണത്താൽ ഒരു ഗുണഭോക്താവിനെയും ആദ്യ ഘട്ടത്തിൽ ഗുണഭോക്തൃ പട്ടികയിൽ നിന്ന് ഒഴിവാക്കാൻ പാടുള്ളതല്ല.

(d) വായ്പാ സ്ഥാപനം തയ്യാറാക്കിയ അർഹതാപ്പട്ടികയിൽപ്പെട്ടയാളിൽ നിന്ന് അപേക്ഷയും സത്യവാങ്മൂലവും നിശ്ചിത തീയതിയിൽ സ്വീകരിച്ച് ഉടൻ രസീത് നൽകേണ്ടതാണ്. ഗുണഭോക്താവിൽ നിന്ന് തിരിച്ചറിയൽരേഖയുടെ പകർപ്പും ആവശ്യമെങ്കിൽ അനന്തരാവകാശ സർട്ടിഫിക്കറ്റും ഒഴികെ മറ്റ് സർട്ടിഫിക്കറ്റുകളൊന്നും ആവശ്യപ്പെടാൻ പാടില്ല. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം എല്ലാ ന്യൂനതകളും 15 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(e) ന്യൂനതകളില്ലാത്ത/പരിഹരിച്ച അപേക്ഷകളിന്മേൽ 2 മാസത്തിനകം തീർപ്പ് കൽപ്പിച്ച് പദ്ധതിയുടെ ഗുണഫലം വായ്പയെടുത്തയാൾക്ക് അനുഭവവേദ്യമാക്കേണ്ടതാണ്. ആയതിനായി പ്രസ്തുത കാലയളവിനുള്ളിലെ ഒരു തീയതി ഗുണഭോക്താവിനെ മുൻകൂട്ടി അറിയിക്കേണ്ടതും പ്രസ്തുത തീയതിയിൽ ഗുണഭോക്താവിന് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് നൽകേണ്ടതും വായ്പാസ്ഥാപനത്തിൽ നൽകിയിരിക്കുന്ന എല്ലാ ഈടുകളും തിരികെ നൽകേണ്ടതുമാണ്. വായ്പാ പലിശ/പിഴപ്പലിശയിളവ്/കടാശ്വാസത്തിന് അർഹനായ ഗുണഭോക്താവിന്റെ വിശദാംശങ്ങൾ പൊതുജനങ്ങളുടെ അറിവിലേക്കായി ധനകാര്യവകുപ്പ് മുഖേന നിർദ്ദിഷ്ട വെബ്സൈറ്റിൽ അപ്‌ലോഡ്

ചെയ്യുന്നതാണ്.

**5. സംശയ ദൂരീകരണം /പരാതി പരിഹാരം**

(a) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടാകാവുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് ഓരോ വായ്പാസ്ഥാപനവും റിസോഴ്സ്പേഴ്സണെ/മാരെ നിയോഗിക്കേണ്ടതും നേരിട്ടും ഫോൺമുഖേനയും (8am-8pm) ബന്ധപ്പെടുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതുമാണ്.

(b) ഗുണഭോക്തൃ നിർണയം, പദ്ധതി നടത്തിപ്പ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന പരാതികൾ പരിഹരിക്കുന്നതിന് ഓരോ വായ്പാസ്ഥാപനവും പ്രത്യേക പരാതി പരിഹാര ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടതാണ്. പരാതിയിന്മേൽ പ്രസ്തുത ഉദ്യോഗസ്ഥൻ 30 ദിവസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതാണ്.

(c) ഗുണഭോക്തൃ നിർണയം, പലിശ/പിഴപ്പലിശ ഈടാക്കൽ, പദ്ധതി നടത്തിപ്പ്, പരാതിയിന്മേലുള്ള അപ്പീൽ തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള യതൊരു അനുബന്ധവിഷയത്തിന്മേലും ഉണ്ടായേക്കാവുന്ന സംശയദൂരീകരണത്തിനും സ്പഷ്ടീകരണത്തിനുമായി തുടർ നിർദ്ദേശങ്ങളും ഉത്തരവുകളും ധനകാര്യ വകുപ്പിൽ നിന്ന് പുറപ്പെടുവിക്കുന്നതായിരിക്കും. ആയതിന്മേൽ സർക്കാരിന്റെ തീരുമാനം അന്തിമവുമായിരിക്കും.

**6. നോഡൽ ഏജൻസി**

പദ്ധതി നടത്തിപ്പിന്റെ നോഡൽ ഏജൻസി ധനകാര്യ (രഹസ്യവിഭാഗം) വകുപ്പായിരിക്കും

**7. പലിശയും മറ്റ് ചാർജ്ജുകളും**

(a) "വായ്പാസ്ഥാപനങ്ങൾ" 01.09.2016-ന് ശേഷം "അർഹതാതുക"യിന്മേൽ യാതൊരുവിധ പലിശ/പിഴപ്പലിശയും ഈടാക്കാൻ പാടില്ല.

(b) പലിശയിളവിന് അർഹതയുള്ള പദ്ധതി ഗുണഭോക്താവ് നിശ്ചിത പലിശ/പിഴപ്പലിശ 24 തുല്യഗഡുക്കളായി അടയ്ക്കുന്നതിൽ തുടർച്ചയായി 3 പ്രാവശ്യം വീഴ്ച വരുത്തുന്നപക്ഷം തുടർന്ന് ആനുകൂല്യം ലഭിക്കുന്നതല്ല.

8. നഷ്ടപരിഹാര തുക

(a) വായ്പാ സ്ഥാപനത്തിന് സംസ്ഥാന സർക്കാരിൽ നിന്ന് ആവശ്യപ്പെടാവുന്ന പലിശ/പിഴപ്പലിശയിനത്തിലെ നഷ്ടപരിഹാരത്തുക യാതൊരു സാഹചര്യത്തിലും മുതലിനെക്കാൾ അധികമാവാൻ പാടുള്ളതല്ല.

9. പദ്ധതി മേൽനോട്ടം

(a) വായ്പാസ്ഥാപനം, ബന്ധപ്പെട്ട വകുപ്പ്, ധനവകുപ്പ് എന്നീ തലങ്ങളിൽ നിയോഗിക്കപ്പെട്ട സമിതി പദ്ധതി മേൽനോട്ടം നടത്തുന്നതാണ്. (അനുബന്ധം-4 കാണുക)

(b) ഗുണഭോക്തൃനിർണയം, പദ്ധതി നടത്തിപ്പ് ഇവ സംബന്ധിച്ച് 10 % കേസുകളിൽ ധനവകുപ്പിന്റെ പരിശോധനാ വിഭാഗം സമാന്തരമായി സൂക്ഷ്മ പരിശോധന/ഇൻസ്പെക്ഷൻ നടത്തുന്നതാണ്. പദ്ധതി നടത്തിപ്പിൽ വീഴ്ച / ക്രമക്കേട് കണ്ടെത്തുന്ന പക്ഷം ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ/ന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

10. ഓഡിറ്റിംഗ്

(a) പദ്ധതിയുടെ ഓഡിറ്റിംഗ്/സ്പെഷ്യൽ ഓഡിറ്റിംഗ് ധനകാര്യവകുപ്പ് നിർവഹിക്കുന്നതാണ്.

11. പരസ്യവും പ്രചാരണവും

(a) പദ്ധതി സംബന്ധിച്ച മലയാളത്തിലുള്ള പരസ്യം ബന്ധപ്പെട്ട വായ്പാസ്ഥാപനങ്ങൾ ആയവയുടെ എല്ലാ ശാഖകളിലും ബന്ധപ്പെട്ട വെബ്സൈറ്റുകളിലും പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുംവിധം പ്രദർശിപ്പിക്കേണ്ടതും വായ്പ പലിശയിളവ് / കടാശ്വാസം ലഭിക്കാനിടയുള്ളവരെ അറിയിക്കേണ്ടതുമാണ്. സർക്കാർ തലത്തിൽ മറ്റ് ഉചിതമാർഗ്ഗങ്ങളിലും ആവശ്യമെങ്കിൽ പദ്ധതി സംബന്ധിച്ച പ്രചാരണം നടത്തുന്നതാണ്.

12. വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നത് സംബന്ധിച്ച്

(a) ഈ പദ്ധതിയുടെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നത് സംബന്ധിച്ചോ, ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന നിർദ്ദേശങ്ങൾ സംബന്ധിച്ചോ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നപക്ഷം പ്രസ്തുത ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ആവശ്യമായതെന്തും സംസ്ഥാന സർക്കാർ ഉത്തരവ് മുഖേന നടപ്പാക്കുന്നതാണ്.

മാർഗ്ഗരേഖയിൽ എന്തുതന്നെ സൂചിപ്പിച്ചിരുന്നാലും ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.

<u>അനുബന്ധങ്ങൾ</u>

1. <u>പലിശയിളവ് അനുവദിക്കുന്നതിന് വായ്പ സംബന്ധിച്ച വിവരങ്ങളുടെ പ്രൊഫോർമ</u>
2. <u>അപേക്ഷ / സത്യവാങ്മൂലം</u>
3. <u>വായ്പാസ്ഥാപനങ്ങളുടെ ലിസ്റ്റ്</u>
4. <u>മോണിറ്ററിംഗ് സമിതി</u>

## അനുബന്ധം-3

## വായ്പാസ്ഥാപനങ്ങളുടെ ലിസ്റ്റ്

| ക്രമ നം. | വായ്പാസ്ഥാപനം | വകുപ്പ് |
|---|---|---|
| 1 | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | ഭവന വകുപ്പ് |
| 2 | കേരള സംസ്ഥാന റവന്യൂ വകുപ്പ് | റവന്യൂ വകുപ്പ് |
| 3 | കേരള സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷനുകൾ | പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് |
| 4 | കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ | പിന്നോക്കസമുദായ വികസന വകുപ്പ് |
| 5 | കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ | സാമൂഹ്യനീതി വകുപ്പ് |
| 6 | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ | സാമൂഹ്യ നീതി വകുപ്പ് |

## അനുബന്ധം-4

## മോണിറ്ററിംഗ് സമിതി

| വായ്പാ സ്ഥാപന ഹെഡ് ഓഫീസ് തലം | വകുപ്പ് തലം | സർക്കാർ തലം |
|---|---|---|
| 1.ചെയർമാൻ | 1.വകുപ്പ് തലവൻ / നോഡൽ ഓഫീസർ | 1. അഡീഷനൽ ചീഫ് സെക്രട്ടറി (ധനകാര്യം) |
| 2.അംഗങ്ങൾ | 2.അംഗങ്ങൾ | 2. സെക്രട്ടറി / ജോയിന്റ് സെക്രട്ടറി / ഡെപ്യൂട്ടി സെക്രട്ടറി etc. |

14756
4/11/15

# കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്—സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 1-4-2014-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപ്പലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

## പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്

**സ. ഉ. (അ) നമ്പർ 71/2015/പജ.പവ.വിവ.**

**തിരുവനന്തപുരം, 2015 ഒക്ടോബർ 1.**

പരാമർശം:—1. 12-11-2009-ലെ സ. ഉ. (അ) നമ്പർ 100/09/പജ.പവ.വിവ. നമ്പർ ഉത്തരവ്.

2. 14-7-2015-ലെ സ. ഉ. (എംഎസ്.) നമ്പർ 54/2015/പജ.പവ.വിവ. നമ്പർ ഉത്തരവ്.

3. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 22-7-2014, 18-6-2015, 18-8-2015 എന്നീ തീയതികളിലെ എ2/870/14 നമ്പർ കത്തുകൾ.

## ഉത്തരവ്

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25,000 രൂപ വരെയുള്ള വായ്പകളുടെ 25,000 രൂപ വരെയുള്ള ബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനും അതിന് മുകളിൽ വരുന്ന

തുകയുടെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി നിബന്ധനകൾക്ക് വിധേയമായി ഒറ്റത്തവണയായി തീർപ്പാക്കുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2010-ന് കുടിശ്ശികയായിട്ടുള്ളതുമായ 50,000 രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും അടക്കം എഴുതിത്തള്ളുന്നതിന് 2 കോടി രൂപ വകയിരുത്തിയതായി 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ 1-4-2006 മുതൽ 31-3-2014 കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതും മുതലും പലിശയും പിഴപ്പലിശയും ചേർത്ത് ഒരു ലക്ഷം രൂപക്ക് മുകളിലുള്ളതുമായ വായ്പകളിൽ മുതലും പലിശയുമുൾപ്പെടെ ഒരു ലക്ഷം രൂപ എഴുതിത്തള്ളുന്നതിനുള്ള നിർദ്ദേശം പരാമർശം (3) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാൽകൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെ കുടിശ്ശികയായിട്ടുള്ളതുമായ 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെയുള്ള വായ്പകൾ, പലിശയും പിഴപ്പലിശയും അടക്കം എഴുതിത്തള്ളുന്ന പദ്ധതി ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അപേക്ഷകൻ/അപേക്ഷക പട്ടികവർഗ്ഗത്തിൽപ്പെട്ട ആളായിരിക്കണം.
2. ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളൂ.
3. മുതൽ, പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ ഉൾപ്പെടെ നിശ്ചിത തീയതിയിൽ ഒരു ലക്ഷം രൂപയുടെ ഉള്ളിൽ വരുന്ന വായ്പകൾ മാത്രം പരിഗണിക്കുന്നതാണ്.
4. കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയംതൊഴിൽ വായ്പ (വ്യക്തിഗത വായ്പകൾ), വിവാഹ ആവശ്യത്തിനുള്ള വായ്പ, സ്വർണ്ണപണയത്തിന്മേലുള്ള കാർഷിക വായ്പ എന്നിവയിലുള്ള കുടിശ്ശികകൾ പരിഗണിക്കും (മുൻഗണനാ ക്രമത്തിൽ).
5. സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാൽകൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ള ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

6. 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന വായ്പകൾ.

7. കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡ്/കോർപ്പറേഷനുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കിംഗ് മേഖല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവരുടെ വായ്പ പരിഗണിക്കുകയില്ല.

8. അപേക്ഷകന്റെ കുടുംബത്തിൽ ആരെങ്കിലും ക്രമനമ്പർ 7 പ്രകാരമുള്ള സേവനം അനുഷ്ഠിക്കുന്നുണ്ടെങ്കിൽ ടി അപേക്ഷകൾ പരിഗണിക്കുന്നതല്ല.

9. ഈ പദ്ധതിയിൽ പരിഗണിക്കുന്നതിനായി വായ്പയുമായി ബന്ധപ്പെട്ട ബാങ്കിംഗ് രേഖ, റേഷൻ കാർഡിന്റെ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.

10. അപേക്ഷകളിൽ ബന്ധപ്പെട്ട ടി.ഇ.ഒ.-യുടെ അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തണം.

11. ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളിൽ ഒരു കുടുംബത്തിൽ ഒരു അപേക്ഷകന്റെ ഒരു വായ്പ മാത്രമേ ഒരു സാമ്പത്തികവർഷത്തിൽ പരിഗണിക്കുകയുള്ളൂ.

12. വായ്പാ തുക, മുതൽ, പലിശ, പിഴപ്പലിശ എന്നിവയുൾപ്പെടെ ഒരു ലക്ഷത്തിൽ അധികരിച്ചുവരികയാണെങ്കിൽ അപേക്ഷകൻ അധികരിച്ചുവരുന്ന തുക ആദ്യം ബന്ധപ്പെട്ട സ്ഥാപനത്തിൽ അടച്ചു തീർത്ത് തെളിവ് ഹാജരാക്കുന്നപക്ഷം അവശേഷിക്കുന്ന ഒരു ലക്ഷം രൂപയ്ക്ക് ഈ പദ്ധതി പ്രകാരം ഇളവ് ലഭിക്കുന്നതാണ്.

ഈ ഉത്തരവ് പ്രകാരം പദ്ധതിയിൽ തീർപ്പാക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പരാമർശം (2) ഉത്തരവ് പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സുബ്രതാ ബിശ്വാസ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

~~7/3

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, തൃശ്ശൂർ.

ധനകാര്യ വകുപ്പ് [U.O.(N)ww2/110/14/Fin. dated 18-8-2015].

പൊതുഭരണ (എസ്.സി.) വകുപ്പ്.

✓ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*പകർപ്പ്:*

പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ പി.എസ്.-ന്.

പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-ക്ക്.

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി/പി.എം.) വകുപ്പ്.

---

[signature]

സെക്ഷൻ ഓഫീസർ